# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ : T8146

24.07.2012-ൽ മറുപടിക്ക്.

**നാട്ടിക നിയോജക മണ്ഡലത്തിലെ പാചക വാതക പൈപ്പ് ലൈൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ പാചക വാതക പൈപ്പ് ലൈൻ, നാട്ടിക നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലൂടെയാണ് കടന്നു പോകുന്നത്; | (എ) കേരളത്തിൽ ഗെയിലിന്റെ പ്രകൃതിവാതക പൈപ്പ്ലൈൻ നാട്ടിക നിയോജകമ്ണ്ഡലത്തിൽ പ്പെട്ട ഇഞ്ചമുടി, ആലപ്പാട്, പുളള്, അന്തിക്കാട് എന്നീ വില്ലേജുകളിലൂടെയാണ് കടന്നു പോകുന്നത്. |
| (ബി) പ്രസ്തുത നിയോജക മണ്ഡലത്തിലെ ജനവാസ മേഖലകളിലൂടെയും കോൾ പാടങ്ങളിലൂടെയുമാണ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പ്രസ്തുത ഭാഗങ്ങളിലെ ജനവാസ മേഖലകൾ മുഴുവനായി ഒഴിവാക്കി പൂർണ്ണമായും കോൾനിലങ്ങളിലൂടെയാണ് പൈപ്പ്ലൈൻ കടന്നു പോകുന്നത്. |
| (സി) ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (സി) ഉണ്ട്. പൈപ്പുലൈൻ വിന്യസിക്കുന്നതു മൂലം പാരിസ്ഥിതിക പ്രശ്നങ്ങൾ ഒന്നും ഉണ്ടാകുന്നില്ല. |
| (ഡി) പാചകവാതക പൈപ്പ് ലൈനിന്റെ സുരക്ഷ സംബന്ധിച്ചും ഇതുമൂലം ദുരിതമനുഭവിക്കുന്നവർക്ക് ലഭിക്കുന്ന നഷ്ടപരിഹാര പാക്കേജിനെ സംബന്ധിച്ചുമുളള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) ഈ പൈപ്പ്ലൈൻ അന്തരാഷ്ട്ര മാനദണ്ഡങ്ങൾ പാലിച്ചാണ് നിർമ്മിക്കുന്നത് ഇതിനുപുറമേ ഈ പൈപ്പ്ലൈൻ പദ്ധതി ഭാരത സർക്കാരിന്റെ Oil Industry Safety Directorate (OISD) ന്റെ കർശന നിയന്ത്രണങ്ങൾക്കും ഓഡിറ്റിംഗിനും വിധേയമായാണ് പ്രാവർത്തികമാക്കുന്നത്. പൈപ്പ്ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് 1962 ലെ പെട്രോളിയം ധാതു പൈപ്പ്ലൈൻ ആക്ട് പ്രകാരം മാർക്കറ്റുവിലയുടെ 10% മാണ് നഷ്ടപരിഹാരമായി നിയമപ്രകാരം ലഭിക്കുന്നത്. ഇതിനുപുറമേ പ്രസ്തുത ഭൂമിയിലെ ചമയങ്ങൾക്കും, വിളകൾക്കും, വൃക്ഷങ്ങൾക്കും 100% നഷ്ടപരിഹാരം നൽകുന്നതിനുമാണ് ഇപ്പോഴുളള വ്യവസ്ഥ. |

സെക്ഷൻ ഓഫീസർ